

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: **dopkd.ksad@kerala.gov.in**
ഫോൺ : **0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA(PKD)P19-1854/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 23/12/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA(PKD)P19-1854/24 തീയ്യതി: 23/12/2024

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2023 മുതൽ 07-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വി.പി ഷോബി	ഡെപ്യൂട്ടി ഡയറക്ടർ	09-12-2024	18-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-12-2024	18-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിദ്യ. പി, ഓഡിറ്റ് ഓഫീസർ
സുജാത. എ , അസി.ഓഡിറ്റ് ഓഫീസർ
രാജേശ്വരി.സി , സീനിയർ ഗ്രേഡ് ഓഡിറർ

ഷാജിന്നീസ.എൻ ,ഓഡിററർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി.എസ്.ശിവദാസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി.ബീന എം എസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സുധ.എസ്	അസി.എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ സുദർശൻ	ഡയറി എക്സ്ൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീ ബാബു.എം.പി	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി സിമി.എം.ടി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	19-02-2024
ശ്രീമതി രാധ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	19-02-2024	31-03-2024
ശ്രീ സുമേഷ്	വി.ഇ.ഒ	01-04-2023	31-03-2024
ശ്രീമതി സോണിയ.എ	വി.ഇ.ഒ	01-04-2023	31-03-2024
ശ്രീമതി ഷാനിബ.വിപി	മെഡിക്കൽഓഫീസർ,ആയുർവേദം	01-04-2023	31-03-2024
ശ്രീമതി നൈന സി.എം	മെഡിക്കൽഓഫീസർ, അലോപ്പതി	01-04-2023	31-03-2024
ശ്രീമതി ശ്രുതി.കെ	എഫ്.ഇ.ഒ	01-04-2023	31-03-2024
ശ്രീ ഉണ്ണിറാം	കൃഷി ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത	1-1-2
4	ബജറ്റ്	1-2
5	സാമ്പത്തിക വിശകലനം	1-3
6	ഫണ്ട് വിനിയോഗം	1-4
7	പദ്ധതി അവലോകനം	1-5
8	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
9	ക്ഷേമപദ്ധതികൾ	1-7
10	ക്യാഷ് പരിശോധന	1-8
11	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
13	രശീതി പിരിവിലെ അപാകങ്ങൾ	1-11
14	ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലേഷൻ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.	1-12
15	ലൈസൻസില്ലാതെ ജിംനേഷ്യം പ്രവർത്തിക്കുന്നു. തുടർനടപടികൾ ആവശ്യപ്പെടുന്നു.	1-13
16	ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു.തുടർനടപടികൾ ആവശ്യപ്പെടുന്നു	1-14
17	മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.	1-15
18	ലേലം-നടപടിക്രമങ്ങളിലെ അപാകങ്ങൾ -തുടർനടപടികൾ ആവശ്യപ്പെടുന്നു.	1-16
19	അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയത് - പിഴപ്പലിശസഹിതം തിരികെ ഈടാക്കണം	1-17
20	തിരസ്കൃത മാലിന്യം കൊണ്ടുപോകുന്നതിന് തുക നൽകൽ - പൂർണ്ണ സേവനത്തിന് ജിഎസ്ടി നൽകി	1-18
21	സ്നേഹസ്പർശം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം	1-19
22	വനിതാ ജിംനേഷ്യം- ജില്ലാപഞ്ചായത്തിലേക്ക് തുക വകയിരുത്തൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം	1-20
23	എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-21
24	ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ളപദ്ധതികളുടെ കറണ്ട് ചാർജ് കുടിശ്ശിക ഗ്രാമപഞ്ചായത്ത് ഒടുക്കി	1-22
25	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം	1-23

	പൂർത്തിയായിട്ടില്ല	
26	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കിയിട്ടില്ല.	1-24
27	ലൈഫ് ഭവന നിർമ്മാണം - പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്	1-25
28	അങ്കണവാടി പോഷകാഹാരം - മാവേലിസ്റ്റോറിന്റെ ഒരേ ഇൻവോയിസിന് 2 തവണ തുക നൽകി	1-26
29	റിജക്ടഡ് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഏജൻസിക്ക് തുക നൽകൽ - മുൻ വർഷത്തെ ഇൻവോയിസുകൾക്ക് തുക നൽകി	1-27
30	എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി -ജി എസ് ടി ടിഡിഎസ് ഈടാക്കിയിട്ടില്ല	1-28
31	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ-അവലോകനം	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/30-05-24കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06-08-2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക്

വിധേയമായി, പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,

തിയതി: 23-12-2024.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -263131.00രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -4468269.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച **'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനവൽ'** അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാനവൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

06-03-2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ

ചേർക്കുന്നു.

പ്രാരംഭ ബാക്കി	13978456
തൻവർഷം വരവ്	280329000
ആകെ വരവ്	294307456
ചെലവ്	278440000
നീക്കിയിരിപ്പ്	15867456

13-03-2023 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.
പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	29358596
വരവ്	40961236
ആകെ	70319832
ചെലവ്	41224367
നീക്കിയിരിപ്പ്	29095465

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ് (*)	നീക്കിയിരിപ്പ്/ ലാപ്സ് ആയതുക
വികസന ഫണ്ട് – ജനറൽ	0	23097999	23097999	16936814	6161185
വികസന ഫണ്ട് -എസ്.സി.പി	0	15115600	15115600	7168741	7946859
വികസന ഫണ്ട് -ടി.എസ്.പി	0	942000	942000	609256	332744
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	19343350	19343350	13266023	6077327
മെയ്ന്റനൻസ് ഗ്രാന്റ് -നോൺ റോഡ്	0	1126000	1126000	1125722	278
CFC ഗ്രാന്റ്-അൺടൈഡ്	959621	3990543	4950164	2088803	2861361
CFC ഗ്രാന്റ്-ടൈഡ്	3765429	2868500	6633929	3113500	3520429
CFC-Health Grant-Converion Of Rural	162821	392877	555698	467358	88340

PHCs And Subcentres Into Health And Wellness Centres					
CFC-Health Grant-Diagnostic Infrastruction To PHCs	267689	936578	1204267	263019	941248
Health Grant Towards Buildgingless Subcentres, PHCs Abd CHC S	0	2805500	2805500	0	2805500

കേന്ദ്രാവിഷ്കൃതം

എ)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്
ICDS കേന്ദ്രവിഹിതം	1495415	1776311	3271726	863563	2408163
സമ്പൂർണ്ണ ശുചീത്വം	965675	-	965675	473400	492275

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	2043	978800	980843	980540	303
തൊഴിലാളികളുടെ വേതനം	0	45149555	45149555	45149555	0
ആകെ	2043	46128355	46130398	46130095	303

സംസ്ഥാനാവിഷ്കൃതാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ശുചിത്വമിഷൻ	1078000	0	1078000	638800	439200
ശുചിത്വമിഷൻ ഗ്രാന്റ്	270184	0	270184	0	270184
ലൈഫ് ജനറൽ	760	3100000	3100760	3100760	0

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
193	143770970	105	62694747	88	54.40

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	2	2	17688027	10289057	58.16
വെറ്ററിനറി സർജ്ജൻ	7	3	2546200	492600	19.34
മെഡിക്കൽ ഓഫീസർ-CHC	10	8	3102020	1914294	61.71
മെഡിക്കൽ ഓഫീസർ-ആയുർവേദം	1	1	600000	600000	100
ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	5	7974519	4265210	53.48
ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	0	100000	0	0
വി.ഇ.ഒ 1	4	2	5200000	1400000	26.92
വി.ഇ.ഒ 2	19	16	34953617	15037339	43.02
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	0	1340000	0	0
സെക്രട്ടറി	46	34	17286420	12242818	71
അസിസ്റ്റന്റ് എഞ്ചിനീയർ	91	34	52980167	16453429	31
ആകെ	193	105	143770970	62694747	43.60

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	2043	978800	980843	980540	303
തൊഴിലാളികളുടെ വേതനം	0	45149555	45149555	45149555	0
ആകെ	2043	46128355	46130398	46130095	303

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണ ഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	4686800	413
2	വിധവാ പെൻഷൻ	13569100	1447
3	വാർദ്ധക്യകാല പെൻഷൻ	22865700	2596
4	വികലാംഗ പെൻഷൻ	2805600	273
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	883400	85

6	വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	150000	5

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-12-2024, 3.05 Pm -ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 7376 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.എന്നാൽ ലോൺ രജിസ്ററർ സൂക്ഷിച്ചിട്ടില്ല. ILGMS മുഖേനയുള്ള ചെലവ് അക്കൗണ്ടിംഗിൽ ചെലവിനാധാരമായ രേഖകൾ സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യാത്തതിനാൽ കണക്കുകളിൽ അവ്യക്തതയുണ്ട്.

2. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

3.വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകളിൽ വേണ്ടത്ര ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വികസനഫണ്ട് , മെയിന്റനൻസ് ഗ്രാന്റ് എന്നിവ ചെലവഴിക്കാത്തത് ഫണ്ട് നഷ്ടമാവുന്നതിന് കാരണമായി.

അസിസ്റ്റന്റ് എഞ്ചിനീയർ -പദ്ധതി നിർവഹണം കാര്യക്ഷമമല്ല.

പൂർത്തിയാക്കിയ പദ്ധതികളുടെ ബില്ലുകൾ സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല.

പദ്ധതികൾ സ്പിൽ ഓവർ ആയി തുടരുന്നത് അനാവശ്യ കാലതാമസത്തിനു ഇടയാക്കുന്നു.

ന്യായമായ കാരണങ്ങൾ കൂടാതെ പദ്ധതികൾക്ക് കാലാവധി നീട്ടിനൽകുന്ന പ്രവണത നിൽക്കുന്നു.

മഴ, ഇലക്ഷൻ, കോവിഡ്, എന്നിവ 2023-24 കാലയളവിൽ കാലാവധി നീട്ടിനൽകുന്നതിന് അനുയോജ്യകാരണങ്ങളല്ല.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

7/2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2013-14 മുതൽ 2017-18 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ

തീർപ്പാക്കുവാനില്ല.
പെർഫോമൻസ് ഓഡിറ്റ് 12/2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

1-11 രശീതി പിരിവിലെ അപാകങ്ങൾ

രശീതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വെറ്റിനറി സർജന് 25.01.23,26.02.24 തിയതികളിൽ ഇഷ്യൂ ചെയ്ത രസീതി ബുക്ക് നം. 1140, 27509 മുതൽ 24511 വരെയുള്ള രശീതി ബുക്കുകളുടെ പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

രശീതി ബുക്കുകളിലെ രശീതി കളക്ഷൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ:

രശീതി ബുക്ക് നം.	രശീതി നം.	റിമാർക്ക്സ്
1140	29 മുതൽ 48 വരെ, 25840 90 മുതൽ 100 വരെ, 14960/-	
27510	1)1 മുതൽ 9 വരെ 12240/- 2)87 മുതൽ 92 വരെ, 8160/-	പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.
27511	34 മുതൽ 94 വരെ,	പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.

മേൽ രശീതികളുടെ കളക്ഷൻ അടവാക്കിയതിന്റെ രേഖകൾ കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല.

കളക്ഷൻ തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ കൃത്യത ബന്ധപ്പെട്ട സെക്ഷന്റെ സഹായത്തോട് കൂടി ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

2)താഴെ പറയുന്ന രശീതി ബുക്കുകളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

ഉദാ: രശീതി ബുക്ക് നം.1140, 27511

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 20 (സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നല്കുന്ന രസീതികൾ മെഷീൻ നമ്പർ നല്കിയവയും ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നല്കിയ ആൾക്ക് നല്കേണ്ടതുമാണ്.
അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം(നം. 7/13.12.24)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
രശീതികൾ കൈകാര്യം ചെയ്യുമ്പോൾ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലേഷൻ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ (28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി) അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസീലിയേഷൻ) പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ILGMS(Integrated Local Self-Governance Management System) സോഫ്റ്റ് വെയറിൽ ലഭ്യമായ റീകൺസീലിയേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ 2024 മാർച്ച് മാസത്തിനുശേഷം റീകൺസീലിയേഷൻ നടത്തിയതായി കാണുന്നില്ല.

ബാങ്കിന്റെ പേര്	അക്കൗണ്ട് നം.
Canara Bank	10414
CANARA BANK (COMMUNITY KITCHEN DONATION)	6496101002296
Canara Health Grant Buildingless	1100491554740
Canara Health Grant Covertion Of Rural Phc	11004991554180
Canara Health Grant Diagnostics And Infrastructure	1100491563190
IDBI SBM Phase 2	0336104000221221
State Bank Of India	67291338890
State Bank Of India-MGNREGS	67012679955

ഏപ്രിൽ മുതൽ പ്രസ്തുത അക്കൌണ്ടുകളുടെ റീ കൺസിലേഷൻ പൂർത്തിയാക്കി സമർപ്പിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 16/16.12.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാങ്ക് അക്കൌണ്ടുകളുടെ റീ കൺസിലേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 ലൈസൻസില്ലാതെ ജിംനേഷ്യം പ്രവർത്തിക്കുന്നു. തുടർനടപടികൾ ആവശ്യപ്പെടുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യങ്ങളും 1963- ലെ Kerala Public Places Of Resort Act പ്രകാരമുള്ള ലൈസൻസ് നേടിയിരിക്കേണ്ടത് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11/07/2022 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൽ.എസ്.ജി.ഡി -ആർ ഡി 1/47/2022, 01.8.2022 നമ്പർ സർക്കുലർ പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963 ലെ Kerala Public Places Of Resort Act പ്രകാരം ലൈസൻസില്ലാതെ ഏതെങ്കിലും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് കൃത്യമായി കണ്ടെത്തുക.

2. പ്രസ്തുത ആക്ട് പ്രകാരമുള്ള ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന

ജിംനേഷ്യങ്ങൾക്ക് മൂന്നുമാസത്തിനുള്ളിൽ ലൈസൻസ് നേടുവാൻ നിർദ്ദേശിച്ചു നോട്ടീസ് നൽകുക.

3. നോട്ടീസ് നൽകുന്നതിന് മുൻപോ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസം വരെയുള്ള കാലയളവിലോ ജിംനേഷ്യങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടുള്ളതല്ല.

പട്ടഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 19/04/2023 തീയതിയിലെ തീരുമാനം നം.1 പ്രകാരം കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിച്ച് 04/07/23 തീയതിയിൽ എസ്.സി4-1883/2023 നമ്പർ പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപന പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 35 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

.2023-24 വർഷത്തെ വസ്തു നികുതി നിർണ്ണയ (സഞ്ചയ) സോഫറ്റ് വെയർ,ലൈസൻസ് രജിസ്റ്റർ,ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയോ വസ്തു നികുതി നിർണ്ണയത്തിൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

. 6ാം വാർഡിലെ ബസ് സ്റ്റാന്റ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന Unique എന്ന ജിംനേഷ്യത്തിന് നിയമാനുസൃതം വസ്തു നികുതി ചുമത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല.

മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം. 9/13.12.24) പ്രസ്തുത ജിംനേഷ്യത്തിന് വസ്തു നികുതി ചുമത്തി ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ജിംനേഷ്യം,ടർഫ് മുതലായവ ഫീൽഡ് വെരിഫിക്കേഷൻ നടത്തി കണ്ടെത്തി Kerala Public Places Of Resort Act, 1963 പ്രകാരം എല്ലാ ജിംനേഷ്യങ്ങൾക്കും ലൈസൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-14 ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു.തുടർനടപടികൾ ആവശ്യപ്പെടുന്നു

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല. 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന പെട്രോൾ പമ്പ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് കണ്ടെത്തി.

വാർഡ് നം/ കെട്ടിട നം	പെട്രോൾ പമ്പിന്റെ പേര്	ഉടമസ്ഥന്റെ പേര്
6/8	ശ്രീ പെട്രോളിയം	ഉഷ, വണ്ടിത്താവളം

സ്ഥാപനത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ പ്രവർത്തിക്കുന്നതിനാണ് അവസാനമായി ലൈസൻസ് അനുവദിച്ചിട്ടുള്ളത്. അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ സമർപ്പിക്കാത്തതിനാലാണ് ലൈസൻസ് അനുവദിക്കാതിരുന്നതെന്നും 2024-25 വർഷവും ലൈസൻസിനുള്ള അപേക്ഷയോടൊപ്പം രേഖകൾ സമർപ്പിച്ചിട്ടില്ലെന്നും രേഖകൾ ലഭ്യമാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം. 10/16.12.24) മറുപടി നൽകിയിട്ടുണ്ട്.തുടർച്ചയായ 6 വർഷങ്ങളിൽ സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടുണ്ട്.2024-25 വർഷത്തിൽ നൽകിയ ലൈസൻസ് അപേക്ഷയിൽ അഗ്നിരക്ഷാസേന നിരാക്ഷേപപത്രം ഹാജരാക്കിയിട്ടുണ്ട്.പൊല്യൂഷൻ കൺട്രോൾ ബോർഡ് സാക്ഷ്യപത്രം ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ അടിയന്തിരമായി ലഭ്യമാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനം പ്രവർത്തിച്ചുവരുന്നതിന് പഞ്ചായത്ത് രാജ് നിയമം 236 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	ടവറിന്റെ പേര്	കുടിശ്ശിക തുക	കുടിശ്ശിക വർഷം
1	11/365	റിലയൻസ് ടവർ ടെലികമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	56098	2019-20 മുതൽ 2023- 2024 വരെ
2	14/147	-	227407	2013-14 മുതൽ 2023- 2024 വരെ
ആകെ			283505	

പ്രസ്തുത അപാകത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 11/16.12.24) കുടിശ്ശിക ഈടാക്കുന്നതിനായി പ്രസ്തുത ടവറുകൾക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

1-16 ലേലം-നടപടിക്രമങ്ങളിലെ അപാകങ്ങൾ -തുടർനടപടികൾ ആവശ്യപ്പെടുന്നു.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വസ്തു വകകളിൽ നിന്നുള്ള ആദായം, വാടക എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായി ലേല രജിസ്റ്റർ, വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ട

അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിൽ അപകട ഭീഷണി ഉയർത്തി നിന്നിരുന്ന മരങ്ങൾ മുറിച്ചു മാറ്റുകയും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട് 24.11.23 തീയതിയിൽ 13248 രൂപ വില നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെയായി പ്രസ്തുത മരങ്ങൾ ലേലം ചെയ്തിട്ടില്ല എന്ന് കാണുന്നു.

2)ഗ്രാമപഞ്ചായത്തിന്റെ, വാടകയ്ക്ക് നൽകിയ 9ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ 433,436 എന്നീ നമ്പർ കടമുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിവ് നികത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

3) വണ്ടിത്താവളം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ നടത്തുന്നതിനുള്ള അവകാശത്തിന് തൻ വർഷത്തിൽ ലേലം നടത്തിയിട്ടില്ല.

4)ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിൽ നിൽക്കുന്ന പുളിമരങ്ങളിൽ കായ്ഫലം എടുക്കുന്നതിനുള്ള അവകാശത്തിന് തൻ വർഷത്തിൽ ലേലം നടത്തിയതായി കാണുന്നില്ല.

5) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങളിൽ നിൽക്കുന്ന പനകളിൽ നിന്ന് പനമ്പട്ട വെട്ടിയെടുക്കുന്നതിനുള്ള അവകാശത്തിന് തൻ വർഷത്തിൽ ലേലം നടത്തിയതായി കാണുന്നില്ല.

6)കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ നിന്നുള്ള വരുമാനം വാർഷിക കണക്ക് പ്രകാരം 85885 രൂപയും രജിസ്റ്റർ പ്രകാരം 22020 രൂപയുമാണ്.
മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 20/17.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയത് -പിഴപ്പലിശസഹിതം തിരികെ ഈടാക്കണം

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് അനധികൃതമായി പെൻഷൻ കൈപ്പറ്റിയവരുടെ ഫയൽ പരിശോധിച്ചതിൽ സർക്കാർ ഉദ്യോഗസ്ഥനായ വ്യക്തി ക്ഷേമ പെൻഷൻ കൈപ്പറ്റിയിട്ടുള്ളതായും പെൻഷൻ റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു.

പെൻഷൻ ഐ ഡി-108630400137

പേര്- ശ്രീനാഥ്.എസ് S/O ശ്രീകുമാർ,തരകൻചള്ള,നന്ദിയോട്

പെൻഷൻ തരം-വികലാംഗ പെൻഷൻ

ആധാർ നമ്പർ-617375026180

ഫെബ്രുവരി 2011 മുതലാണ് പെൻഷൻ അംഗീകരിച്ച് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനം മുഖേന ഏപ്രിൽ 2015 മുതലാണ് പെൻഷൻ അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉദ്യോഗം ലഭ്യമായതിനാൽ പെൻഷൻ റദ്ദാക്കുന്നതിന് ടിയാൻ 6.12.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 10.12.2024 തീയതിയിൽ

പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ശ്രീ.ശ്രീനാഥ് സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചത് എപ്പോഴാണെന്നതിന് വ്യക്തത വരുത്തുന്നതിന് സേവനരേഖകൾ ശേഖരിച്ചിട്ടുണ്ടെങ്കിൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടത് പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ നടപടിക്രമം നം.ഇ.4260/13 , 24.2.15 ഉത്തരവനുസരിച്ച് ടിയാന്റെ സേവനക്രമീകരണം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കി. ആയത് പ്രകാരം ഈ വ്യക്തി 18.1.2014 തീയതിയിൽ പട്ടികജാതി വികസനവകുപ്പിൽ പാർട്ട് ടൈം സ്വീപ്പറായി സർവീസിൽ പ്രവേശിച്ചിട്ടുണ്ട്. 2014 ജനുവരി മുതൽ ജൂലായ് 2024 വരെ ശ്രീ.ശ്രീനാഥ് 164600 രൂപയാണ് ക്ഷേമപെൻഷൻ ഇനത്തിൽ കൈപ്പറ്റിയിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് കണക്കാക്കിയിട്ടുണ്ട്.

സ.ഉ(എം എസ്) നം.483/2017/ധനം.6.11.2017 പ്രകാരം സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാപെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗവ.സർക്കുലർ നം.71/2024/ധന, തീയതി 12.12.2024 പ്രകാരം അനർഹമായി കൈപ്പറ്റിയ തുക 18% പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ജനുവരി 2014 മുതൽ കൈപ്പറ്റിയ തുക പിഴപ്പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

അനർഹനായ വ്യക്തിക്ക് പെൻഷൻ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/11.12.2024) മസ്റ്ററിംഗ് നടത്തുന്നത് അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾ നേരിട്ടാണെന്നും ടി സമയങ്ങളിൽ മറ്റ് രേഖകൾ ഒന്നും പരിശോധിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2014 ജനുവരി മുതൽ 2024 ജൂലായ് വരെ അനർഹമായി കൈപ്പറ്റിയ 164600 രൂപ 18% പിഴപ്പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

ക്ഷേമപെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും അർഹതാ രേഖകൾ പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-18 തിരസ്കൃത മാലിന്യം കൊണ്ടുപോകുന്നതിന് തുക നൽകൽ -പൂർണ്ണ സേവനത്തിന് ജിഎസ്ടി നൽകി

2017 ലെ സി.ജി.എസ്.ടി ആക്ട്, കെ.ജി.എസ്.ടി ആക്ട് എന്നിവയിലെ സെക്ഷൻ 11(1) ലെ അധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ച കേന്ദ്ര സർക്കാർ വിജ്ഞാപനം നം.12/2017- Central Tax(Rate) തി.28-06-2017, കേരള സർക്കാർ വിജ്ഞാപനം SRO No. 371/2017 തി.30-06-2017 എന്നിവ പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 243 G യുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന പൂർണ്ണ സേവനങ്ങളെ (Pure Services) ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട് ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുകയായ 4843.26 രൂപ കൂടി ഉൾപ്പെടെയുള്ള തുകയാണ്

ചെലവഴിച്ചിട്ടുള്ളത്. ട്രാനോപ്ലാസ്റ്റ് എന്ന സ്ഥാപനം മുഖേന 3175 കി.ഗ്രാം റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകുന്നതിന് തുക അനുവദിച്ചതിനാണ് ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചിട്ടുള്ളത്.

ഇൻവോയിസ് നം.-	TP88/2023-24/20.12.23.
തുക	3175 കിലോx8.47 രൂപ =26907 + ജിഎസ്ടി 4843.26 =31750
ട്രാനോപ്ലാസ്റ്റ് എന്ന സ്ഥാപനത്തിന് തുക നൽകിയത്	31750
ബിൽ നം./വൗച്ചർ നം.	309389/10.1.2024

റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് തൻവർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി മറ്റൊരു പ്രൊജക്ട് (പ്രൊജക്ട് നം.100/24) നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് പ്രകാരം Trash Gold എന്ന സ്ഥാപനത്തിന് റിജക്ടഡ് വേസ്റ്റ് നൽകിയിട്ടുള്ളത് കി.ഗ്രാമിന് 7 രൂപ നിരക്കിലാണ്. കൂടാതെ മേൽപ്പറഞ്ഞ ചെലവ് പ്രൊജക്ടിൽ ഉൾപ്പെടുത്താതെയാണ് നിർവ്വഹിച്ചിട്ടുള്ളത്.

പ്രൊജക്ടിൽ ഉൾപ്പെടുത്താതെ ചെലവ് നിർവ്വഹിച്ചതിനും ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയ സേവനത്തിന് ജി.എസ്.ടിയിനത്തിൽ തുക നൽകിയതിനും അധികനിരക്കിൽ ചെലവ് നിർവ്വഹിക്കാനിടയായ സാഹചര്യം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/16.12.24) Trash Gold എന്ന സ്ഥാപനവുമായുള്ള കരാർ അവസാനിക്കുകയും പുതിയ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് മാലിന്യങ്ങൾ കുമിഞ്ഞുകൂടിയത് കൊണ്ടാണ് ഭരണസമിതിയുടെ തീരുമാനപ്രകാരം ട്രാനോപ്ലാസ്റ്റ് എന്ന സ്ഥാപനം മുഖേന റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകുന്നതിന് തീരുമാനിച്ചത് എന്നുള്ള മറുപടി ലഭ്യമാക്കി. ജി എസ് ടി ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുകയുണ്ടായില്ല.

ജിഎസ് ടി തുക നൽകിയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

1-19 സ്നേഹസ്പർശം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്റ്റ് നം/ പേര്	17/24-സ്നേഹസ്പർശം
അടങ്കൽ	200000
ചെലവ്	200000
നമ്പർ / തീയതി	16/21.9.23

വൃക്ക രോഗികൾക്ക് ചികിത്സാ ധനസഹായത്തിനായി വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിക്കായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) 200000 രൂപ നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/16.12.24) ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

1-20 വനിതാ ജിംനേഷ്യം- ജില്ലാപഞ്ചായത്തിലേക്ക് തുക വകയിരുത്തൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്റ്റ് നം/ പേര്	130/24-വനിതാ ജിംനേഷ്യം- ജില്ലാ പഞ്ചായത്തിലേക്ക് തുക വകയിരുത്തൽ
അടങ്കൽ	500000 (തനത് ഫണ്ട്)
ചെലവ്	500000
നമ്പർ / തീയതി	3/26.5.23

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ വനിതാ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) 500000 രൂപ നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/16.12.24) ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-21 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് -	35/24 എ.ബി.സി പദ്ധതി
അടങ്കൽ/ചെലവ്	200000 (വികസന ഫണ്ട്)
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ട്രഷറി ബിൽ നമ്പർ	18/16.11.2024 ₹350000

മേൽ പദ്ധതി പ്രകാരം എ.ബി.സി പദ്ധതിയ്ക്കുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 350000 രൂപ വികസനഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 2014 മുതൽ ആരംഭിച്ച എ.ബി.സി പദ്ധതി ജില്ലാ പഞ്ചായത്ത് മുഖേനയാണ് നടപ്പിലാക്കുന്നത്. വിവിധ പ്രദേശങ്ങളിൽ നിന്നും അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ച് മൃഗസംരക്ഷണസ്ഥാപനങ്ങളിൽ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി 4 ദിവസം പരിചരണവും ചികിത്സയും പ്രതിരോധകുത്തിവയ്പും നൽകി പിടിച്ച സ്ഥലങ്ങളിൽ തന്നെ തിരികെ എത്തിയ്ക്കുന്നതുമാണ് പദ്ധതി പ്രവർത്തനം. ജില്ലാപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.18/16.12.24)മറുപടി ലഭ്യമാക്കി. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-22 ഗുണഭോക്തൃസമിതിക്ക് കൈമാറിയ കുടിവെള്ളപദ്ധതികളുടെ കറണ്ട് ചാർജ് കുടിശ്ശിക ഗ്രാമപഞ്ചായത്ത് ഒടുക്കി

ഗുണഭോക്തൃസമിതികൾ നടപ്പിലാക്കുന്ന വാർഡ് 8 ലെ പാറയ്ക്കാട്ട് ചള്ള

(കൺസ്യൂമർ നമ്പർ 1168098014311), 7-ാം വാർഡിലെ അയ്യംവീട്ടുചള്ള (കൺസ്യൂമർ നമ്പർ 1168090015098) എന്നീ കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ് കുടിശ്ശിക 80174 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കിയിരിക്കുന്നു.

ചെക്ക് നം.5143987/19.12.23, ഫയൽ നം.5515

07.12.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 1(4) പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ഒടുക്കുന്നതിന് തീരുമാനം കൈക്കൊണ്ടിരിക്കുന്നു. ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (14/16.12.24) ഈ കുടിവെള്ള പദ്ധതികൾ ഉപയോഗശൂന്യമായതിനാൽ ഡിസ്മാന്റിൽ ചെയ്തവയാണെന്നും ഗുണഭോക്തൃസമിതികൾ നിലവിൽ ഇല്ലാത്തതിനാൽ തുക പിരിച്ചെടുക്കുവാൻ കഴിയാത്തതിനാൽ ആർ ആർ നോട്ടീസ് ആയി. ഗുണഭോക്തൃസമിതി അംഗങ്ങളെ നിരവധി തവണ ഹിയറിംഗിന് വിളിച്ചിരുന്നുവെങ്കിലും ഹാജരാവുകയുണ്ടായില്ല. ആയതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക ഒടുക്കുവാനിടയായതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ.ഉ.(സാധാ) നം.627/ 2017 തസ്വഭവ തീയതി 13.3.2013 പ്രകാരം പട്ടികജാതി/ പട്ടികവർഗ സമിതികൾക്ക് കൈമാറിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് സമിതി വഹിക്കേണ്ടതാണെന്നും സമിതി അംഗങ്ങളിൽ നിന്നും വെള്ളക്കരം പിരിച്ചെടുക്കുവാൻ നിർവ്വാഹമില്ലാത്ത പക്ഷം വെള്ളക്കരം തുകയുടെ 75%തുക സർക്കാർ അനുമതിയോടെ ഗ്രാമപഞ്ചായത്തിന് വഹിക്കാവുന്നതാണെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് വഹിക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്നും അനുമതിയൊന്നും ലഭ്യമാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം ചെലവുകൾ നിർവ്വഹിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയായിട്ടില്ല

പ്രൊജക്ട് നം.	135/24
നിർവഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - II
അടങ്കൽ	225000 (200000 - വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം, 25000 - എസ് സി പി)
ചെലവ്	50000 (25000 - വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം, 25000 - എസ് സി പി)
ബിൽ നം./ തീയതി	8/11-7-23/25000 20/10-1-24/25000

രജിസ്റ്ററും ചെലവു രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയായതായോ/മുഴുവൻ ഗഡുക്കളും നൽകിയതായോ കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ	ഗുണഭോക്താവിന്റെ	ആകെ	നൽകാനുള്ള

നം.	പേരും വിലാസവും	നൽകിയ തുക / അവസാന ഗഡു തീയതി	തുക
1	സുനിഷ മുട്ടുച്ചിറ	150000/23-3-23	50000
2	അഞ്ജന, മേട്ടുക്കട	175000/29-3-23	25000
3	കൃതിക്ക് പാലക്കോട്	125000/23-3-23	75000
4	മഹേഷ് ചേരിങ്കൽ	175000/10-1-24	25000

4 ഗുണഭോക്താക്കളുടെയും പഠനമുറി നിർമ്മാണം അവസാനഘട്ടത്തിലാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്(നം.19/17-12-24) മറുപടിറി നല്കിയിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കിയിട്ടില്ല.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനു വേണ്ടി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ട് നം./പേര്	അടങ്കൽ
1	52/24 - ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - ജനറൽ	1040000 (40000 – പ്ലാൻ ജനറൽ+300000- ബ്ലോക്ക്+340000- ജില്ലാ പഞ്ചായത്ത്)
2	56/24 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - എസ്.സി	300000 (200000-പ്ലാൻ ജനറൽ +100000- ജില്ലാ പഞ്ചായത്ത്)

പദ്ധതി നടപ്പാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 8/13.12.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
സമൂഹത്തിൽ ധനസഹായം ഏറ്റവുമധികം അർഹിക്കുന്ന കർഷകർക്ക് ആനുകൂല്യം നിഷേധിക്കുന്നത് ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 ലൈഫ് ഭവന നിർമ്മാണം - പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്

ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈഫ് മിഷൻ ഭവന പദ്ധതി - എസ്.സി.പി

പ്രൊജക്ട് നം.	69/24
നിർവഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - II

അടങ്കൽ	22775000 (1600000 - വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം, 2975000-എസ്.സി.പി, 5700000 - സംസ്ഥാനാവിഷ്കൃത ഫണ്ട്, 6000000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2000000 - ജില്ലാ പഞ്ചായത്ത് വിഹിതം, 4500000 - മറ്റുള്ളവ)
ചെലവ്	11075000 (1100000 - വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം, 1080000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2975000-എസ്.സി.പി, 3100000 - സംസ്ഥാനാവിഷ്കൃത ഫണ്ട്, 3900000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

മേൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ ഭവന നിർമ്മാണം ആരംഭിച്ച് ഒന്നോ രണ്ടോ ഗഡുക്കൾ മാത്രം കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	ആകെ നൽകിയ തുക / അവസാന ഗഡു തീയതി	നൽകാനുള്ള തുക
1	ചെല്ല, വടകര, കരിപ്പാലി	40000/17-2-23	360000
2	തങ്കമണി, പരുത്തിക്കാട്ടുമട	200000/18-5-23	200000
3	സാവിത്രി, പനങ്കാവ്	40000/18-3-23	360000
4	രാധ, നാവുക്കോട്	200000/10-1-24	200000
5	ചെല്ല, തരകൻ ചള്ള	40000/16-6-23	360000
6	പ്രീത, നാവുക്കോട്	200000/10-1-24	200000
7	ദൈവാനി, ചേന്തോണി	200000/15-5-24	200000
8	കല്യാണി, മേലേമുട്ടുച്ചിറ	200000/10-1-24	200000

ബി) ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ, സ്പിൽ ഓവർ

പ്രൊജക്ട് നം.	137/24 (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - II
അടങ്കൽ	1880000 (1280000 - വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം, 400000 - സംസ്ഥാനാവിഷ്കൃത ഫണ്ട്, 200000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ചെലവ്	800000 (വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം)
ബിൽ നം./	9/11-7-23/300000, 13/25-7-23/40000,

തീയതി	15/22-8-23/60000, 17/8-11-23/320000, 18/5-12-23/80000

മേൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ ഭവന നിർമ്മാണം ആരംഭിച്ച് ഒന്നോ രണ്ടോ ഗഡുക്കൾ മാത്രം കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	ആകെ നൽകിയ തുക / അവസാന ഗഡു തീയതി	നൽകാനുള്ള തുക
1	നിലാവർനീസ, കേയോട്, വണ്ടിത്താവളം	200000/9-11-23	200000
2	അരുൺ, അമ്പാട്ടുപറമ്പ്	200000/9-11-23	200000
3	സുശീല രാമരാജ്, പറക്കാട്ടുചള്ള	40000/12-7-23	360000

സി) ലൈഫ് മിഷൻ ഭവന നിർമ്മാണം - ടി എസ് പി

പ്രൊജക്ട് നം.	75/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - II
അടങ്കൽ	875000 (325000 – ടി.എസ്.പി, 200000 - സംസ്ഥാനാവിഷ്കൃത ഫണ്ട്, 350000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
ചെലവ്	325000 (ടി.എസ്.പി)
ബിൽ നം./ തീയതി	14/22-8-23/200000 22/20-2-24/125000

മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	ആകെ നൽകിയ തുക / അവസാന ഗഡു തീയതി	നൽകാനുള്ള തുക
1	പാർവതി, തൊട്ടിച്ചിപ്പതി	360000/21-2-24	240000
2	ജ്യോതിമണി, തൊട്ടിച്ചിപ്പതി	365000/21-2-24	235000

വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ പുരോഗതി/ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (19/17-12-24) മറുപടിയിൽ ഈ സാമ്പത്തിക വർഷം തന്നെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകി തുക അനുവദിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

1-26 അങ്കണവാടി പോഷകാഹാരം - മാവേലിസ്റ്റോറിന്റെ ഒരേ

ഇൻവോയിസിന് 2 തവണ തുക നൽകി

പ്രൊജക്ട് - നം.60/24, അങ്കണവാടി പോഷകാഹാരം

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 1200000 (എസ്.സി.പി)

ചെലവ്- 1002675 (എസ്.സി.പി)

ആറു വയസുവരെയുള്ള കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കുള്ള പോഷകാഹാരം നൽകുന്നതിനുള്ള മേൽ പദ്ധതിയുടെ വിവിധ ബില്ലുകൾ പ്രകാരമുള്ള ചെലവുരേഖകൾ പരിശോധിച്ചപ്പോൾ മാവേലി സൂപ്പർ സ്റ്റോർ, പട്ടഞ്ചേരിയിൽ നിന്നും സാധനങ്ങൾ വാങ്ങിയ ഒരു ഇൻവോയിസിന് രണ്ട് ട്രഷറി ബില്ലുകളിലായി രണ്ടു തവണ തുക നൽകിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ട്രഷറി ബിൽ നം./തീയതി/ തുക	മാവേലി സ്റ്റോർ ഇഷ്യൂ നം./തീയതി/തുക
1	13/8-2-24/126111	0901127/2374/13-12-24/16248.32
2	15/19-2-24/284285	0901127/2374/13-12-24/16248.32

മാവേലി സ്റ്റോറിന്റെ അക്കൗണ്ട് നമ്പർ 120002124609, IFSC CNRB00006496 – ലേയ്ക്ക് ക്രമ നമ്പർ 1 ട്രഷറി ബിൽ പ്രകാരം പ്രസ്തുത ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 16249രൂപ നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് ക്രമ നമ്പർ 2 ട്രഷറി ബിൽ പ്രകാരം പട്ടികയിലെ ഇൻവോയിസ് ഉൾപ്പെടെ വിവിധ ഇൻവോയിസുകളുടെ ആകെ തുകയായ 142466രൂപ (78313 + 47905 + 16248) അനുവദിച്ചിട്ടുണ്ട്. ആ തുകയിൽ മുൻ ബില്ലു പ്രകാരം അനുവദിച്ച ഇൻവോയിസും ഉൾപ്പെട്ടിട്ടുള്ളതിനാൽ മാവേലി സ്റ്റോറിന്റെ ഒരു ഇൻവോയിസിന് 2 തവണ തുക അനുവദിച്ചു.

ഒരു തവണ തുക അനുവദിച്ച ഇൻവോയിസുകൾ കൃത്യമായി ക്യാൻസൽ ചെയ്യുകയും സ്റ്റോക്ക് വിവരങ്ങൾ ഉറപ്പാക്കുകയും ചെയ്യാതെ 2 തവണ മാവേലി സ്റ്റോറിന്റെ ഒരേ ഇൻവോയിസിന് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.6/12-12-24) മറുപടിയിൽ 17-12-2024 തീയതിയിലെ ഡിപ്പോ മാനേജർ, സപ്ലൈകോ ഡിപ്പോ, പാലക്കാട് - ന്റെ എ3:350/2024 നമ്പർ കത്തു പ്രകാരം അധികം നല്കിയ 16249 രൂപ അടവാക്കേണ്ട കുടിശ്ശികയിൽ ക്രമീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ 16249 രൂപ ചെലവു ചെയ്തതു തടസ്സപ്പെടുത്തുന്നു.

1-27 റിജക്ടഡ് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഏജൻസിക്ക് തുക നൽകൽ - മുൻ വർഷത്തെ ഇൻവോയിസുകൾക്ക് തുക നൽകി

പ്രൊജക്ട് നം.	100/24
പ്രൊജക്ടിന്റെ പേര്	എം.സി.എഫിൽ റിജക്ടഡ് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഏജൻസിക്ക് തുക നൽകൽ
നിർവഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - II

അടങ്കൽ തുക/ ഫണ്ടിനം	200000/ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	176960
വൗച്ചർ നം./ തീയതി	22301264/31-03-24

എം.സി.എഫ് - ൽ നിന്നും റിജക്ടഡ് മാലിന്യം കൊണ്ടു പോകുന്നതിന് എലപ്പുള്ളിയിൽ പ്രവർത്തിക്കുന്ന Trash Gold Eco Solutions എന്ന സ്ഥാപനത്തിന് തുക നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ചെലവുരേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2022 ഡിസംബർ മാസത്തെ 2 ഇൻവോയിസുകൾക്ക് തുക നൽകിയതായി കാണുന്നു. ഇൻവോയിസുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയിസ് നം./ തീയതി	തുക
199/15-12-2022	26040
197/14-12-2022	24010

മുൻ സാമ്പത്തിക വർഷത്തെ ഇൻവോയിസ് പ്രകാരമുള്ള ചെലവു തുകകൾ അതാത് വർഷങ്ങളിൽ നൽകാതെ 2023-24 വർഷത്തിൽ നൽകാനിടയായ സാഹചര്യം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (19/17-12-24) മറുപടിയിൽ 2022-23 വർഷത്തിൽ ഫണ്ടിന്റെ ലഭ്യതകുറവ് കാരണമാണ് 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും അടുത്ത ഭരണസമിതിയിൽ ചെലവ് സാധുകരിച്ച് വിവരം അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

വണ്ടിത്താവളത്തുള്ള Friends Weighbridge എന്ന സ്ഥാപനത്തിൽ തൂക്കം നോക്കിയതിന്റെ അടിസ്ഥാനത്തിലാണ് റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകുന്ന Trash Gold Eco Solutions എന്ന സ്ഥാപനം ഇൻവോയിസുകൾ നൽകിയിട്ടുള്ളതും ആയതു പ്രകാരമാണ് പഞ്ചായത്തിൽ നിന്നും തുക നൽകിയിട്ടുമുള്ളത്. Friends Weighbridge – ന്റെ Weighment Slip – കൾ പരിശോധിച്ചതിൽ ഒരെണ്ണത്തിലെ (Slip No.5461/30-10-23) വേസ്റ്റ് തൂക്കം നോക്കാൻ കൊണ്ടു പോയ വാഹനം കർണാടക രജിസ്ട്രേഷൻ (നം.KRN5862) ഉള്ളതാണെന്ന് കാണുന്നു. എലപ്പുള്ളിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് റിജക്ടഡ് വേസ്റ്റ് കൊണ്ടു പോയിട്ടുള്ളത് എന്നതിനാൽ കർണാടക രജിസ്ട്രേഷൻ ഉള്ള വാഹനത്തിന്റെ വിവരങ്ങൾ ഉൾപ്പെട്ട Weighment Slip – ന്റെ അഥവാ സ്ഥാപനം ഹാജരാക്കുന്ന മറ്റ് Weighment Slip – കളുടെ ആധികാരികത പരിശോധിച്ചുറപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.19/17-12-24) മറുപടിയിൽ ജി.പി.എസ് ഉള്ള വാഹനത്തിൽ ആണോ എന്ന് മാത്രമേ നോക്കാറുള്ളു വാഹനത്തിന്റെ പൂർണ ഉത്തരവാദിത്തം സ്ഥാപനത്തിനായതിനാൽ കർണാടക രജിസ്ട്രേഷൻ വാഹനത്തിന്റെ വിവരങ്ങൾ ശേഖരിച്ചിട്ടില്ല, തുടർന്ന് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പിൽ തൻവർഷത്തിൽ പര്യാപ്തമായ തുക വകയിരുത്തുന്നതിന് ശുപാർശ ചെയ്യുന്നതിനും ക്ലെയിമുകൾ അതാതു വർഷത്തിൽ തന്നെയോ സ്പിൽ ഓവർ പദ്ധതിയിലോ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനും പരമാവധി

ശ്രദ്ധിക്കേണ്ടതാണ്. മേൽ തുകകൾ മുൻ വർഷം ക്ലെയിം ചെയ്തിട്ടില്ല എന്ന് പരിശോധിച്ചുറപ്പാക്കി തുക ചെലവഴിച്ചതിന് പഞ്ചായത്ത് ഭരണസമിതി സാധൂകരണം നൽകുകയും ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ മുൻ ഈയിനത്തിൽ 50050 (26040+24010) രൂപ ചെലവ് ചെയ്തതു തടസ്സപ്പെടുത്തുന്നു.

1-28 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി -ജി എസ് ടി ടിഡിഎസ് ഈടാക്കിയിട്ടില്ല

പ്രൊജക്ട് നം.63/24
അടങ്കൽ-350000 (വികസനഫണ്ട് എസ് സി പി)
ചെലവ് -332883
നിർവ്വഹണോദ്യോഗസ്ഥൻ--സെക്രട്ടറി

ബിരുദം, ബിരുദാനന്തരബിരുദം എന്നിവ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് പദ്ധതി ആവിഷകരിച്ചിട്ടുള്ളത്. ജെം പോർട്ടൽ മുഖേന 'Legendary Distributors Pvt. Ltd , എന്ന സ്ഥാപനത്തിൽ നിന്നും 36987രൂപ നിരക്കിലാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 9 ലാപ്ടോപ്പുകളാണ് വാങ്ങിയത്.

ബിൽ നം.	തുക	ഇൻവോയിസ് നം.	ലാപ്ടോപ്പുകളുടെ എണ്ണം
26/10.1.24	36987	LD/2734/2324/21.12.23	1
27/6.1.24	73974	LD/2733/2324/21.12.23	2
28/8.1.24	73974	LD/2732/2324/21.12.23	2
29/16.1.24	73974	LD/2731/2324/21.12.23	2
30/20.1.24	73974	LD/2730/2324/21.12.23	2
ആകെ	332883		9

സപ്ലയർക്ക് ബിൽ അനുവദിച്ചപ്പോൾ 2% ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 2% ജി.എസ്.ടി കുറവു ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.12/16.12.2024) 2% ടി ഡി എസ് ചെയ്യാൻ വിട്ടുപോയതാണെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
2.50 ലക്ഷം രൂപയിൽ അധികം കരാർ തുക വരുന്ന വാങ്ങലുകളിൽ എല്ലാ ഇൻവോയ്സുകളിൽ നിന്നും നിയമാനുസൃതം ജി.എസ്.ടി കുറവു ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ-അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ

സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

ജൈവ അജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് 'ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ' എന്ന വിഷയം സംബന്ധിച്ച് പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും സ്ഥല പരിശോധനയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2019 ഫെബ്രുവരി മുതലാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ ആകെ 16വാർഡുകളുണ്ട്. ആകെ ജനസംഖ്യ 26018 ആണ്. ഗ്രാമപഞ്ചായത്തിൽ 7250 റെസിഡൻഷ്യൽ കെട്ടിടങ്ങളും 392 പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഉണ്ട്. വീടുകളിൽ ചെന്ന് ബോധവൽക്കരണം നടത്തി എല്ലാ വീടുകളെയും, സ്ഥാപനങ്ങളെയും മാലിന്യസംസ്ക്കരണ പരിപാടികളിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

മാലിന്യശേഖരണം

മാലിന്യശേഖരണത്തിന് സർക്കാർ മാർഗനിർദേശ പ്രകാരം കലണ്ടർ മുൻകൂട്ടി തയ്യാറാക്കി ഷെഡ്യൂൾ അനുസരിച്ചാണ് മാലിന്യശേഖരണം നടത്തുന്നത്. എല്ലാ വീടുകളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുവാൻ ഡോർ ടു ഡോർ പ്രവർത്തനം നടത്തിവരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയ്ക്കുള്ള യൂസർഫീ വർദ്ധിപ്പിക്കുന്നതിനായി വാർഡ്തല ക്ലാസ്സുകളും വീടുകയറിയുള്ള ക്യാമ്പയിനും നടത്തി നരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾക്ക് യൂസർഫീ കുടിശ്ശിക സഹിതം അടച്ചു തീർക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ്- വീടുകളിൽ ക്യൂ ആർ കോഡ് സ്ഥാപിച്ചതിലൂടെ പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നത് കൂടുതൽ ഫലവത്താക്കിയിട്ടുണ്ട്. 2023-24 വർഷത്തിൽ യൂസർഫീസിനത്തിൽ 100%തുക പിരിച്ചെടുക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

മാലിന്യം വേർതിരിക്കൽ

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ കടുചിറ,അമ്പലപറമ്പിലെ സ്വന്തം കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങൾ വേർതിരിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഉണ്ട്. ലഭിക്കുന്ന മാലിന്യം വേർതിരിച്ച് 30 ശതമാനം നല്ല പ്ലാസ്റ്റിക്ക് ലഭിക്കുന്നു ബാക്കി റിജക്റ്റഡ് വേസ്റ്റ് ആയും കണക്കാക്കിയാണ് വിപണനം ചെയ്യുന്നത്. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നുണ്ട്. വീടുകൾക്കും കച്ചവടസ്ഥാപനങ്ങൾക്കും മാസത്തിൽ 1 തവണ എന്ന രീതിയിൽ സേവനം നൽകി വരുന്നു. മാലിന്യം തരംതിരിച്ച് മിനി എം.സി.എഫി - ലേയ്ക്കും അവിടെ നിന്നും എം.സി.എഫി - ലേയ്ക്കും എത്തിക്കുന്നു.

റീസൈക്ലിങ്ങ്

നിലവിൽ സ്കൂളുകൾ, അങ്കണവാടികൾ എന്നീ ഇടങ്ങളിൽ ബിന്നുകൾ/

ബോട്ടിൽ ബൂത്തുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഹരിത കർമ്മസേന വീടുകളിൽ നിന്നും, കടകൾ/വ്യാപാര സ്ഥാപനങ്ങളിൽ നിന്നു പ്ലാസ്റ്റിക്ക് വേസ്റ്റ് ശേഖരിക്കുന്നതിനു പുറമേ പൊതു ഇടങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം തരംതിരിച്ച് റിജക്ടഡ്/ലെഗസി മാലിന്യം കൈമാറുന്നുണ്ട്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ റീസൈക്ലിങ്ങ് ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നില്ല.

പൊതുജനങ്ങളെ ബോധവൽക്കരിക്കൽ

മാലിന്യസംസ്ക്കരണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള ഗ്രാമസഭാ യോഗങ്ങളിലും കുടുംബശ്രീ യോഗങ്ങളിലും അറിയിപ്പ് നൽകാറുണ്ട്. ജനങ്ങൾക്ക് ബോധവൽക്കരണ നോട്ടീസ് നൽകിയിട്ടുണ്ട്. IEC പ്രവർത്തനം, മൈക്ക് അനൗൺസ്മെന്റ്, കുടുംബശ്രീ, എന്നിവ വഴി ബോധവൽക്കരണം നടത്തുന്നുണ്ട്. കുട്ടികളുടെ പ്രവർത്തനം ഉറപ്പു വരുത്തുന്നതിനായി കുട്ടികളുടെ ഹരിതസഭ സംഘടിപ്പിക്കുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പൊതുസ്ഥലങ്ങളിലും റോഡ് സൈഡുകളിലും ഡംപ് ചെയ്തു കിടന്നിരുന്ന മാലിന്യങ്ങൾ പ്രത്യേക ഡ്രൈവിലൂടെ നീക്കം ചെയ്തു. മാലിന്യം നിക്ഷേപിച്ചിരുന്ന സ്ഥലങ്ങളില് പഞ്ചായത്തിന്റെയും ചിറ്റൂർ ഗവൺമെന്റ് കോളേജ് എൻഎസ് എസ് യൂണിറ്റിന്റെയും നേതൃത്വത്തിൽ രണ്ട് സ്നേഹാരാമങ്ങൾ നിർമിച്ചു.

തൊഴിൽ സൃഷ്ടി

മാലിന്യസംസ്ക്കരണ മേഖലയിൽ ഹരിത കർമ്മ സേനയെ വിന്യസിച്ചതിലൂടെ 32 പേർക്കുള്ള തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ശരാശരി 9000 മുതൽ 12000 രൂപ വരെ മാസവരുമാനമുണ്ട്. സെപ്റ്റംബർ 2021 ലാണ് ഹരിത കർമ സേനയുടെ അക്കൗണ്ട് ആരംഭിച്ചത്. സൗത്ത് ഇന്ത്യൻ ബാങ്ക്, പട്ടഞ്ചേരി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (നം. 0066073000000107) 31-3-24 പ്രകാരം 990140 രൂപ നീക്കിയിരിപ്പുണ്ട്. 10% കോർപസ് ഫണ്ട് സൂക്ഷിക്കുന്നതിനായി ഇതേ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 14 -ാം വാർഡിൽ അമ്പലപറമ്പിൽ 1420ചതുരശ്ര അടി സ്ഥലവിസ്തീർണത്തിൽ എം.സി.എഫ് പ്രവർത്തിക്കുന്നു. 16 വാർഡുകളിലായി 46 മിനി എം.സി.എഫ് ഉണ്ട്. മാലിന്യം വേർതിരിക്കുന്നതിനും, സ്റ്റോർ ചെയ്യുന്നതിനും സൗകര്യം ഉണ്ട്. ടോയ്ലെറ്റ്, ഡ്രസ്സിങ്ങ് റൂം എന്നിവ ഉണ്ട്. വെയിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ, കൺവെയർ ബെൽറ്റ്, വാഹനം എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിനുള്ള ട്രെയിനിംഗ് നല്കിയിട്ടുണ്ട്.

വീടുകളിൽ നിന്ന് ഹരിത കർമ്മസേന സമയബന്ധിതമായി മാലിന്യം ശേഖരിച്ച് മിനി എം.സി.എഫിൽ എത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും ഇലക്ട്രിക് ഗുഡ്സ് ഓട്ടോറിക്ഷയുടെ സഹായത്തോടെ മാലിന്യം ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുന്നു. 2023-24 വർഷത്തില് റിജക്ടഡ് വേസ്റ്റ് ക്ലീൻ കേരള കമ്പനിക്ക് 7 രൂപയ്ക് കൊണ്ടു പോകുന്നതിന് കരാർ ഉണ്ട്. ആയത് കൂടാതെ 31750 രൂപ ഈയിനത്തിൽ സ്വകാര്യസ്ഥാപനത്തിനും

അനുവദിച്ചിട്ടുണ്ട്.

സുരക്ഷാ സംവിധാനങ്ങൾ

ഹരിതകർമ്മ സേനാംഗങ്ങൾക്ക് യുണിഫോം, ഗ്ളൗസ്, മാസ്ക്ക്, ഗം ബൂട്സ്, ഫസ്റ്റ് എയ്ഡ് കിറ്റ്,റെയിൻ കോട്ട്, ക്യാപ്പ് എന്നിവ വാങ്ങി നല്കിയിട്ടുണ്ട്. MCF പരിസരത്ത് അഗ്നിബാധ ഒഴിവാക്കുന്നതിനായി ഫയർ എക്സ്റ്റിങ്ക്യൂഷർ, ഫയർ ബക്കറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 4 സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷയ്ക്കുായി ഇൻഷൂറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

എം.സി.എഫി ന്റെ പരിസരം ക്ലോറിനേഷൻ ചെയ്യുകയും ഹരിതകർമ്മസേനാംഗങ്ങൾ തന്നെ പരിസരം വൃത്തിയാക്കുകയും ചെയ്യുന്നു.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

എല്ലാ മാസവും റിവ്യൂ മീറ്റിംഗ് ചേർന്ന് ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. പഞ്ചായത്ത് അധികൃതർ മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 16 വാർഡുകളിലായി 32 ഹരിതകർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാർഡ്തലത്തിൽ 2 അംഗങ്ങളുടെ സേവനം പര്യാപ്തമാണ്. സമഗ്ര മാലിന്യ പരിപാലന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ പരിപാലനത്തിന് ഗ്രാമപഞ്ചായത്തിന്റെ സ്കോർ 0.78 ആണ്

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന് മാലിന്യപരിപാലനത്തിൽ ജില്ലയിലും ബ്ലോക്കിലും ഒന്നാം സ്ഥാനം ലഭ്യമായിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതവും നിയമപാലനവും

പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന തെളിവിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കുന്നുണ്ട്. 2023-24 വർഷത്തിൽ പൊതു ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറ സ്ഥാപിച്ചതിൽ നിന്നും 5000 രൂപയും പരാതിയുടെ അടിസ്ഥാനത്തിൽ 4000 രൂപയും പിഴ ഈടാക്കിയിട്ടുണ്ട്. നിരോധിച്ച പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ വിൽപനയ്ക്കെതിരെയുള്ള നിയമനടപടിയുടെ ഭാഗമായി 79000 രൂപ പിഴ ഈടാക്കി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ചതിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.



എം സി എഫ്



ബെയ്ലിംഗ് മെഷീൻ



കൺവെയർ ബെൽറ്റ്

2023-24 വർഷത്തിൽ മാലിന്യപരിപാലനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

.പൊതു ഇടങ്ങളിൽ സിസിടിവി-674000

.എം സി എഫില് ബെയിലിംഗ് മെഷീൻ-638800

.ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഉപകരണങ്ങൾ-106989

.ഘടക സ്ഥാപനങ്ങളിൽ ബയോബിൻ-93880

.എല്ലാ പൊതു സ്ഥാപനങ്ങളിലും അങ്കണവാടികളിലും സോക്ക് പിറ്റ്-713260

.എം സി എഫ് മെയിന്റനൻസ്-500000

.ബൊക്കാഷി ബക്കറ്റ് വിതരണം-1246760

ഓഡിറ്റ് നിർദ്ദേശങ്ങൾ

.മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

.ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

.സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

.ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

.പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

.മാലിന്യ സംസ്ക്കരണം, തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

.മുഴുവൻ അംഗങ്ങൾക്കും ഇൻഷൂറൻസ് പരിരക്ഷ, മെഡിക്കൽ ചെക്കപ്പ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചവർക്ക് നിലവിൽ അവർ അടച്ചതും അടക്കാൻ അവശേഷിക്കുന്ന വിവരങ്ങൾ മാത്രമാണ്അറിയാൻ കഴിയുന്നത്. വീടുകൾ/സ്ഥാപനങ്ങൾ എന്നിവക്ക് യൂസർഫീ അടക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

.അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

.അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ മികച്ച സ്ഥാനത്ത് എത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഭരണസമിതിയുൾപ്പെടെ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തിയതി
2023-24	09-12-2024 മുതൽ 18-12-2024വരെ	ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്	2023-24	2342804	71/24, നെൽകർഷകർക്ക് ഉഴവുകൂലി	2342804	0
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്	2023-24	3900000	375/24, ലൈഫ് (SCP)	3900000	0
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്	2023-24	3290	132/24 (SO), പാലിയേറ്റീവ് പദ്ധതി	3290	0
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്	2023-24	60000	134/24 (SO), പാലിയേറ്റീവ് പദ്ധതി	60000	0
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്	2023-24	180380	76/24, പാലിയേറ്റീവ് പദ്ധതി	180380	0
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്	2023-24	183100	59/24, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	183100	0
ആകെ ബ്ലോക്ക് പഞ്ചായത്ത്		**6669574**		**6669574**	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2023-24	624000*	207/24 പൊതു ഇടങ്ങളിൽ CCTV ക്യാമറ	624000*	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2023-24	3335976	71/24, നെൽകർഷകർക്ക് ഉഴവുകൂലി	3335976	0
പാലക്കാട് ജില്ലാ	2023-24	119600	59/24, ഭിന്നശേഷിക്കാർക്ക്	119600	0

പഞ്ചായത്ത്			സ്കോളർഷിപ്പ്		
പാലക്കാട് ജില്ലാ പഞ്ചായത്ത്	2023-24	200000	144/24 (SO) ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	200000	0
ആകെ ജില്ലാ പഞ്ചായത്ത്		**3655576**		**4279576**	**0**

*സുലേഖ ചെലവു പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം 624000രൂപ സെക്രട്ടറി ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല വാർഷിക കണക്ക് I-6പ്രകാരം 3,655,576 രൂപയാണ് ആകെ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ്.

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവു-ചെലവു കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര	ബിൽ/ ചെക്ക് നമ്പർ	ഡെപ്പോസിറ്റ് തുക	ബാക്കി
KSEB, വണ്ടിത്താവളം	194/23-നന്ദിയോട്-മുതലമട റെയിൽവേ സ്റ്റേഷൻ റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ്	46/17-3-21	299779	വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.
KSEB, തത്തമംഗലം	193/23-MCF വൈദ്യുതി കണക്ഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ്	45/17-3-21	69661	

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	തൻവർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് - KURDFC വായ്പ		-	52399016	4149172	0	48249844

*വായ്പാ തിരിച്ചടവ് – സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	5000000
പലിശ	0
ആകെ	5000000
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയ്തി	കാലയളവ്	തുക	റിമാർക്ക്സ്
1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,ചിറ്റൂർ	30.3.2024	4.5.2025 വരെ	5000000	എഫ് ഡി നം. 42839905785
ആകെ					

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 5000 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക	രസീതി നം. / തിയതി	തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും
2022-23	1-14-1	2500	1230303050/ 27.11.23	സെക്രട്ടറി, ആപ്കോസ്, തണ്ണീർപന്തൽ
2022-23	1-14-1	2500	1230303068/ 28.11.23	സെക്രട്ടറി, റൂറൽ കോ.ഓപ്. ക്രെഡിറ്റ് സൊസൈറ്റി
ആകെ		5000		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ **1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23**-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	70319832
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	41224367
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്തിന് ഉണ്ടായ നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	66299

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	16249	ശ്രീമതി സിമി എം ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-27	50050	ശ്രീ സുമേഷ് എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ആകെ	66299	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സിമി എം ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	സി ഡി പി ഒ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ	ഇല്ലിയുൻകാട് ഹൗസ്, പെരുവെമ്പ് (PO), പാലക്കാട് – 678531
ശ്രീ സുമേഷ് എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടഞ്ചേരി	ചെമ്പകശ്ശേരി, തത്തമംഗലം, പാലക്കാട് – 678102

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1996-97	എൽ.എഫ്.പി9/ 597/99/24-9-1999	8
1997-98	എൽ.എഫ്.പി12/244/03/ 2-4-2003	2
1998-99	എൽ.എഫ്.പി12/414/02/ 1-10-2002	8
1999-2000	എൽ.എഫ്.പി11/1557/09/ 6-9-2010	2
2000- 01	എൽ.എഫ്.പി11/1247/08/ 19-2-2009	7
2001-02	എൽ.എഫ്.പി11/1542/09/ 13-4-2010	2
2002-03	എൽ.എഫ്.പി11/79/09/ 11-2-2009	1
2003-04	എൽ.എഫ്.പി11/948/08/ 22-10-2009	6
2004-05	എൽ.എഫ്.പി11/1371/11/ 20-9-2011	4
2005-06	എൽ.എഫ്.പി19/595/15/ 11-6-15	7
2006-07	എൽ.എഫ്.പി11/1332/ Spl.Cell/C.Sc/D3/12/1-1-13	2
2007-08	എൽ.എഫ്.പി11/375/12/ 10.4.12	7
2008-09	എൽ.എഫ്.പി11/1979/11/ /16-1-12	6
2009-10 & 2010-11	കെ.എസ്.എ.പി.കെ.ഡി-19/328/16(2)/20.3.17	11
2011-12	കെ.എസ്.എ.പി.കെ.ഡി-19/481/14/ 3.514	11
2012-13	കെ.എസ്.എ.പി.കെ.ഡി-19/392(1)/15/ 20.4.17	7
2013-14 & 2014-15	കെ.എസ്.എ.പി.കെ.ഡി-19/466/16/ 4-4-17	12
2015-2016	കെ.എസ്.എ.പി.കെ.ഡി-19/119/ 17/8-2-17	3
2016-17	കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017	14
2017-2018	കെ.എസ്.എ.പി.കെ.ഡി-19/1359/ 17/13-8-2017	24
2018-19	കെ.എസ്.എ.പി.കെ.ഡി-19-2119/2018/14-11-2018	24
2019-2020	കെ എസ് എ പി കെ ഡി -19-674/2021/28-6-21	24
2020-21`	കെ എസ് എ പി കെ ഡി-19-1321/21 /3-11-21	6
2021-22	KSA-PKD.19/1837/22 /29-11-22	31
2022-23	KSA-PKD.19/1387/23 /13-10-23	33

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 30-05-2024 and submitted on 06-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pattanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pattanchery Grama Panchayat as on 31-03-2024

Date: 23/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pattanchery Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1.All the mandatory financial statements prescribed in Kerala Panchayat Raj Act (accounting rules) 2011 are not furnished with the AFS.

2. The net cash generated does not match with the amount shown in the statement as Net increase in cash & cash equivqlents in the Cash flow statement

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3
വാർഷിക കണക്കുകളുടെ സംക്ഷിപ്തം

BALANCE SHEET			
As on 31-March-2024			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	15061256.11
311000000	Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund	B-2	20966.00
312000000	Reserves	B-3	115277291.00
	Total Reserve & Surplus		**130359513.11**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	14621307.00
	Total Grants, Contributions for Specific Purposes		**14621307.00**
	Loans		
330000000	Secured Loans	B-5	48249844.00
331000000	Unsecured Loans	B-6	0.0
	Total Loans		**48249844.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	736831.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	2047089.89
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**2783920.89**
	TOTAL LIABILITIES		**196014585.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	4320410.00
412000000	Capital Work in Progress	B-11(b)	2765183.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	163635.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	24335488.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	109976180.00
416000000	Accumulated Depreciation	B-11(a)	-32312929.00
	Total Fixed Assets		**109247967.00**
	Investments		
420000000	Investments-General Fund	B-12	5000000.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**5000000.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	458887.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	48249844.00
450000000	Cash and Bank Balance	B-17	29095465.00
460000000	Loans, Advances and Deposits	B-18	3962422.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**81766618.00**

	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**196014585.00**

INCOME & EXPENDITURE STATEMENT			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4074597.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	136782.00
140000000	Fee & User Charges	I-4	4654283.00
150000000	Sale & Hire Charges	I-5	167595.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	159679585.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	238285.00
180000000	Other Income	I-9	553988.00
190000000	Prior Period Income	I-19	11560.00
	Total Income		**169505115.00**
	EXPENDITURE		
210000000	Establishment Expenses	I-10	14055189.00
220000000	Administrative Expenses	I-11	1666157.00
230000000	Operations & Maintenance	I-12	4530635.00
240000000	Interest & Finance Charges	I-13	977.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	11131657.00
251000000	Decentralised Plan Programme-Service Sector	I-14(A)	34026680.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	6781337.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	40479555.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	44963300.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	980540.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	23600887.00

	Total Expenditure		**182216914.00**
	Gross Surplus / Deficit of income over Expenditure		**-12711799.00**
	Gross Surplus / Deficit of income over Expenditure		**-13012415.50**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	612793.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**-612793.00**

RECEIPT & PAYMENT STATEMENT			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	29332299.00
Cash	Cash	RP-40(a)	26297.00
	Operating		
110000000	Tax Revenue	RP-1	961360.00
140000000	Fees & User Charges	RP-4	4545273.00
150000000	Sale & Hire Charges	RP-5	167595.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	11988300.00
171000000	Interest Earned	RP-9	238285.00
190000000	Prior Period Income	RP-11	11560.00
320000000	Grants, Funds & Contributions for Specific Purposes	RP-30	18025632.00
431000000	Sundry Debtors (Receivables)	RP-45	4064669.00
460000000	Loans, Advances and Deposits	RP-49	20000.00
	Non Operating		
180000000	Other Income	RP-10	553988.00
340000000	Deposits Received	RP-33	131812.00
350000000	Other Liabilities	RP-35	252762.00
	Grand total		**70319832.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	26000.00
431000000	Sundry Debtors (Receivables)	RP-45	131862.00
460000000	Loans, Advances and Deposits	RP-49	354000.00
	Non Operating		
340000000	Deposits Received	RP-33	156308.00
350000000	Other Liabilities	RP-35	40556197.00
	Closing Balance		
Bank	Bank	RP-40(b)	29013811.00
Cash	Cash	RP-40(b)	81654.00
	Grand Total		**70319832.00**